**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 992** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുമരാമത്ത് വകുപ്പിന്റെ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പൊതുമരാമത്ത് വകുപ്പിലെ അഴിമതിയും കെട്ടുകാര്യസ്ഥതയും അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിനും പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനുമായി ശക്തമായ ആഭ്യന്തരവിജിലൻസ്, ഓഡിറ്റ് വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ലഭിക്കുന്ന പരാതികളിൽ നേരിട്ട് അന്വേഷണവും സ്ഥലപരിശോധനയും നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ ഇവർ കർശന നടപടികൾ സ്വീകരിക്കുന്നു. ഇതിനുപുറമെ, നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസുകളുടെ പരിശോധനകളുമുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ ബിൽ പേയ്മെന്റ് വരെയുള്ള കാര്യങ്ങൾ PRICE, EMLI, BIMS എന്നീ സോഫ്റ്റ്‌വെയറുകൾ വഴിയാക്കിയും, പദ്ധതി വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കിയും വകുപ്പ് സമ്പൂർണ്ണ ഡിജിറ്റൽ സുതാര്യത ഉറപ്പുവരുത്തുന്നു. സംസ്ഥാന വിജിലൻസ്, അക്കൗണ്ടന്റ് ജനറൽ (AG), ധനകാര്യ വകുപ്പ്, ചീഫ് ടെക്നിക്കൽ എക്സാമിനർ എന്നിവരുടെ കൃത്യമായ പരിശോധനകളും വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യമാക്കുന്നുണ്ട്. പ്രവൃത്തികളുടെ ടെണ്ടർ മുതൽ എല്ലാ കാര്യങ്ങളും പൊതുജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ വെബ് സൈറ്റിൽ ലഭ്യമാക്കുക വഴി സുതാര്യത ഉറപ്പുവരുത്തുന്നുണ്ട്. നിർമ്മാണത്തിലെ അപാകതകൾ ചൂണ്ടിക്കാണിക്കാനും പൊതുമുതൽ സംരക്ഷിക്കാനുമായി "ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ്" എന്ന ആശയത്തെ മുൻനിർത്തി പൊതുജനങ്ങളെയും ഈ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുന്നു.

**(ബി)** സംസ്ഥാനത്ത് തകർന്നുകിടക്കുന്ന റോഡുകൾ സത്വരമായി നവീകരിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** തകർന്നുകിടക്കുന്ന റോഡുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുഴികൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെടുന്നുണ്ട്. പ്രസ്തുത റോഡ് DLP-യിൽ ഉൾപ്പെട്ടവയാണെങ്കിൽ അവ അതത് കരാറുകാരെക്കൊണ്ട് അവരുടെ തന്നെ ചെലവിൽ സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്നതിനുള്ള

നടപടി സ്വീകരിച്ച് വരുന്നു. Original പ്രവൃത്തിയോ, DLP-യോ നിലവിലില്ലാത്ത റോഡുകളിൽ Running Contract-ൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തി പ്രവൃത്തി ക്രമീകരിച്ചുവരുന്നു.

**(സി)** പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വേണ്ടി നവീന സാങ്കേതികവിദ്യകളും നിർമ്മാണ രീതിയും സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും പരിസ്ഥിതി സൗഹൃദവുമാക്കുന്നതിനായി ഇതിനോടകം തന്നെ വിവിധ നൂതന സാങ്കേതികവിദ്യകളും നിർമ്മാണ രീതികളും വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും റോഡുകളുടെ ഈടുനിൽപ്പ് വർദ്ധിപ്പിക്കുന്നതിനുമായി ബിറ്റുമിനൊപ്പം പ്ലാസ്റ്റിക് മാലിന്യങ്ങൾ (Shredded Plastic) ഉപയോഗിച്ചുള്ള ടാറിംഗ് വകുപ്പ് ഇപ്പോൾ വ്യാപകമാക്കിയിട്ടുണ്ട്. കൂടാതെ, മണ്ണൊലിപ്പ് തടയുന്നതിനും റോഡിന്റെ വശങ്ങൾ ഇടിയാതിരിക്കുന്നതിനുമായി പരിസ്ഥിതിക്ക് തികച്ചും അനുയോജ്യമായ കയർ ഭൂവസ്ത്രങ്ങളും (Coir Geotextiles) ഉപയോഗിക്കുന്നു. നിലവിലുള്ള പഴയ റോഡുകൾ പൊളിച്ചുമാറ്റുമ്പോഴുള്ള അവശിഷ്ടങ്ങൾ ശാസ്ത്രീയമായി പുനരുപയോഗിച്ച് പുതിയ റോഡ് നിർമ്മിക്കുന്ന എഫ്.ഡി.ആർ (FDR - Full Depth Reclamation) എന്ന നവീന സാങ്കേതികവിദ്യയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പാറ, മണ്ണ് തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയൊരളവിൽ കുറയ്ക്കാൻ ഇത്തരം രീതികൾ സഹായിക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി മികച്ച ഡിജിറ്റൽ സംവിധാനങ്ങളും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനും ഭരണാനുമതി മുതൽ സാങ്കേതിക അനുമതി വരെയുള്ള കാര്യങ്ങൾ വേഗത്തിലാക്കുന്നതിനും പൂർണ്ണമായും 'പ്രൈസ്' (PRICE - Project Information and Cost Estimation) എന്ന ഓൺലൈൻ സംവിധാനമാണ് ഉപയോഗിക്കുന്നത്. സുതാര്യതയും മത്സരവും ഉറപ്പാക്കുന്നതിനായി കരാർ നടപടികൾ പൂർണ്ണമായും ഓൺലൈൻ ഇ-ടെൻഡറിംഗ് വഴിയാണ് നടത്തുന്നത്. ഇതിനുപുറമെ, നിർമ്മാണ പ്രവൃത്തികളുടെ തത്സമയ പുരോഗതി വിലയിരുത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി പി.ഡബ്ല്യു.ഡി ഐ.ടി സെല്ലിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഇവയ്ക്ക് പുറമെ, കെട്ടിട നിർമ്മാണ രംഗത്ത് പ്രീ-ഫാബ് (Pre-fab) ഉൾപ്പെടെയുള്ള അതിവേഗവും പരിസ്ഥിതിക്ക് അനുയോജ്യവുമായ നൂതന നിർമ്മാണ രീതികളും വകുപ്പ് ഇപ്പോൾ സജീവമായി പ്രോത്സാഹിപ്പിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**